**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2312** 05.02.2018-ൽ മറുപടിയ്ക്ക്

**പാർട്ട്ടൈം ജീവനക്കാരുടെ നിയമനം**

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ. യുടെ എല്ലാ ഓഫീസുകളിലുമായി എത്ര പാർട്ട് ടൈം സ്വീപ്പർമാരുടെ തസ്തിക ഉണ്ടെന്നും ഇതിൽ എത്ര പേർ സ്ഥിരം തസ്തികയിൽ ജോലി നോക്കുന്നുവെന്നും വ്യക്തമാക്കാമോ; | (എ) | കെ.എസ്.എഫ്.ഇ.യിൽ 603 പാർട്ട്ടൈം സ്വീപ്പർമാരുടെ തസ്തികകളുണ്ട്. നിലവിൽ 515 സ്ഥിരം പാർട്ട്ടൈം സ്വീപ്പർമാർ ജോലി ചെയ്തു വരുന്നു. |
| (ബി) | നിലവിൽ കെ.എസ്.എഫ്.ഇ. യിൽ പാർട്ട്ടൈം ജീവനക്കാരുടെ എത്ര ഒഴിവുകൾ ഉണ്ട്; പ്രസ്തുത ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു കളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ 88 ഒഴിവുകൾ ഉണ്ട്. ഇതിൽ 81 എണ്ണം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ബാക്കിയുള്ള 7 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പാർട്ട് ടൈം ജീവനക്കാരുടെ നിയമനത്തിൽ വികലാംഗ സംവ രണം നടപ്പിലാക്കുന്നുണ്ടോ; വിക ലാംഗ ക്വാട്ടയിൽ ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടു ണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | സംവരണ തത്വങ്ങൾ അനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലഭിക്കുന്ന ലിസ്റ്റിൽ നിന്നും കൂടികാഴ്ച നടത്തിയാണ് പാർട്ട്ടൈം ജീവനക്കാരെ നിയമിക്കുന്നത്. ഇതിൽ വികലാംഗ വിഭാഗത്തിൽ പ്പെടുന്ന ഉദ്യോഗാർത്ഥികളും ഉൾപ്പെടുന്നു. |
| (ഡി) | ബധിര-മൂക വിഭാഗത്തിൽപ്പെട്ട എത്ര പേരെ, ഇതു വരെ കെ.എസ്. എഫ്.ഇ. യിൽ പാർട്ട് ടൈം ജീവ നക്കാരായി നിയമിച്ചിട്ടുണ്ട്; പ്രസ്തുത വിഭാഗത്തിൽപ്പെടുന്നവരിൽ എത്ര ശതമാനം വരെ വികലാംഗത ഉള്ളവർക്കാണ് പി.ടി.എസ്. ആയി നിയമനം നൽകുന്നതെന്ന് വ്യക്തമാ ക്കാമോ? | (ഡി) | ബധിര-മൂക വിഭാഗത്തിൽപ്പെട്ട 4 പേർക്ക് പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകിട്ടുണ്ട്. ഇതിൽ 4 പേരും 40 ശതമാനത്തിലധികം വൈകല്യം ഉള്ളവരാണ്. |

സെക്ഷൻ ഓഫീസർ